# AMRITA VIDYALAYAM

## ANNUAL EXAMINATION - 2018 - '19

**Class : IX** **Marks : 80**
**Time : 3 hrs**

# മലയാളം

| This question paper is divided into four sections. | |
|---|---|
| Section A : Reading comprehension | - 10 marks |
| Section B : Writing | - 16 marks |
| Section C : Grammar | - 17 marks |
| Section D : Text and Non-Detailed | - 37 marks |

## എ വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **10**

മഹാഭാരതത്തിലെ വിദുരോപദേശം പ്രസിദ്ധമാണ്. കൗരവ പാണ്ഢവ കലഹത്തിൽ ധൃതരാഷ്ട്രർ എന്നും അസ്വസ്ഥ ചിത്തനായിരുന്നു. യഥാർത്ഥത്തിൽ ധൃതരാഷ്ട്രർക്ക് പാണ്ഢവരോട് പകയുണ്ടായിരുന്നോ? അന്ധമായ പുത്രവാത്സല്യം, അന്ധനായ അദ്ദേഹത്തെക്കൊണ്ട് അങ്ങനെയൊക്കെ ചെയ്യിച്ചു എന്ന് പറയുന്നതാകും ശരി. എന്തായാലും ധൃതരാഷ്ട്രർക്ക് ധർമ്മോപദേശം നൽകുക എന്ന ജോലി വിദുരർ ശരിക്കും നിർവ്വഹിച്ചു. വനവാസം കഴിഞ്ഞ് പാണ്ഢവർ യഥാകാലം തിരിച്ചെത്തി. അവർക്ക് സൂചികുത്താൻപോലും ഇടം നൽകുകയില്ലെന്ന് ദുര്യോധനൻ ശഠിച്ചു. ശ്രീകൃഷ്ണൻ സന്ധി സംഭാഷണത്തിനായി ഹസ്തിനപുരത്തെത്തി. അപ്പോൾ ശ്രീകൃഷ്ണനെ പരിഹസിക്കാനാണ് അഹങ്കാരിയായ ദുര്യോധനൻ ഒരുങ്ങിയത്. അതു ശരിയല്ലെന്ന് വിദുരർ ഉപദേശിച്ചതനുസരിച്ച് ധൃതരാഷ്ട്രർ ഭഗവാനെ പൂജിച്ചാദരിച്ചു. എങ്കിലും ശ്രീകൃഷ്ണനെ തടവിലാക്കാനാണ് ദുര്യോധനൻ തയ്യാറായത്. ഈ വിവരങ്ങളറിഞ്ഞ് ദുഃഖിതനായിത്തീർന്ന ധൃതരാഷ്ട്രരെ വിദുരർ ധർമ്മോപദേശം ചെയ്ത് ആശ്വസിപ്പിക്കുന്ന രംഗം ഹൃദയാവർജ്ജകമാണ്. ജീവിതം അസ്ഥിരമാണെന്നും ആത്മാവ് മാത്രമാണ് സ്ഥിരമായതെന്നും അദ്ദേഹം ധൃതരാഷ്ട്രരെ ഉപദേശിച്ചു.

**ചോദ്യങ്ങൾ.**

1. ദുര്യോധനൻ എന്താണ് ശഠിച്ചത്?
2. സന്ധിസംഭാഷണത്തിനായി ഹസ്തിനപുരിയിലെത്തിയ ശ്രീകൃഷ്ണനോട് ദുര്യോധനൻ എങ്ങിനെ പെരുമാറാനാണ് തയ്യാറായത്?
3. ഇവിടെ ഏതുരംഗമാണ് ഹൃദയാവർജ്ജകമായി നിൽക്കുന്നത്?
4. വിദുരർ ധൃതരാഷ്ട്രരെ എന്തുപറഞ്ഞാണ് ഉപദേശിച്ചത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

## ബി വിഭാഗം

**II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

1. വായന വിദ്യാർത്ഥികളിൽ വരുത്തുന്ന മാറ്റം.
2. പരസ്യങ്ങളും യുവതലമുറയും.

3. കേരളത്തിലെ കാർഷിക മേഖലയുടെ തകർച്ച.

**III.** നിങ്ങളുടെ വിദ്യാലയത്തിലെ സാഹിത്യക്ലബ്ബ് ഉദ്ഘാടനം ചെയ്യുന്നതിനായി ഒരു പ്രശസ്ത സാഹിത്യകാരനെ ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക. **8**

## സി വിഭാഗം

**IV. പ്രയോഗം മാറ്റുക.** **2**

1. അത്യധികമായ ആനന്ദത്തോടെ വാസുദേവൻ സിദ്ധാർത്ഥന്റെ കാതുകളിൽ ഓംകാരം മന്ത്രിച്ചു.
2. അസാധാരണനായ ആ ടാക്സി ഡ്രൈവറുടെ വിലാസം ഞാൻ വാങ്ങിയിരുന്നില്ല.

**V. അംഗ – അംഗിവാക്യം വേർതിരിക്കുക.** **2**

1. തുടപ്പുതുണി കഴുകിയത് മുക്കിപ്പിഴിഞ്ഞുകൊണ്ട് ശങ്കരൻകുട്ടി ലോറിക്കടുത്തേക്ക് വന്നു.
2. അയാൾ എഴുന്നേറ്റ് തന്റെ ചെറിയ തോൽപ്പെട്ടി തിണ്ണമേൽ വെച്ചു.

**VI. വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **1**

1. സൂര്യാസ്തമയവേളയിൽ അവർ നദിക്കരയിൽ ചെന്നിരുന്നു.

**VII. വാക്യത്തിൽ പ്രയോഗിക്കുക.** **1**

കൃതാർത്ഥത

**VIII. പിരിച്ചെഴുതി സന്ധിനിർണ്ണയിക്കുക.** **2**

1. അതായിരിക്കാം. 2. വണ്ടിയിൽ

**IX. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **2**

1. വേദോപനിഷത്തുക്കൾ 2. അപരിചിതൻ

**X. പര്യായപദങ്ങൾ കണ്ടെത്തുക.** **2**

1. നിലാവ് 2. മിന്നാമിനുങ്ങ്

**XI. നാനാർത്ഥപദങ്ങൾ എഴുതുക.** **2**

1. വഴി 2. നിലം

**XII. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **1**

1. കവികൾക്ക് സമസ്തമായ എല്ലാ കാര്യങ്ങളെക്കുറിച്ചും അറിവുണ്ട്.
2. അയാൾ തിരക്കിട്ട് ധൃതിയിൽ വണ്ടിയിൽ കയറി.

**XIII. വിപരീതപദമെഴുതുക.** **1**

1. ആലംബം (അനാലംബം, നിരാലംബം, അവലംബം)
2. സങ്കോചം (അസങ്കോചം, വിലാസം, വികാസം)

**XIV. അർത്ഥ വ്യത്യാസം എഴുതുക.** **1**

1. സുതൻ – സൂതൻ (തേരാളി, പൗത്രൻ, പോരാളി, പുത്രൻ)
2. നന്ദി – നാന്ദി (തുടക്കം, ഒടുക്കം, കൃതജ്ഞത, കൃപ)

## ഡി വിഭാഗം

**XV. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **5**

1. സൂര്യൻ മറഞ്ഞുകഴിഞ്ഞാൽ ഈശ്വരൻ പ്രപഞ്ചത്തിലെ ഇരുട്ടകറ്റുന്നത് എങ്ങനെ?
(മിന്നാമിനുങ്ങുകളെകൊണ്ട്, ദീപപ്രഭകൊണ്ട്, നക്ഷത്രക്കൂട്ടങ്ങളെക്കൊണ്ട്)
2. ചുരുക്കം ചിലർക്ക് മാത്രമുള്ള മഹത്തായ ഗുണമായി സിദ്ധാർത്ഥൻ കരുതുന്നത് എന്തിനെയാണ്?
(ക്ഷമയോടെ കേട്ടിരിക്കാനുള്ള കഴിവ്, നന്നായി പാടാനുള്ള കഴിവ്, ആകർഷകമായ

സംസാരവും പെരുമാറ്റവും)

3. വൈലോപ്പിള്ളിയുടെ കവിതയ്ക്ക് 'എം.എൻ. വിജയൻ നൽകുന്ന വിശേഷണം?
(കാച്ചിക്കുറുക്കിയ കവിത, സ്തോഭങ്ങളുടെ കവിത, ശക്തിയുടെ കവിത)
4. "ഇന്നും പ്രകാശത്തോടെ അയാൾ എന്റെ മനസ്സിൽ ജീവിക്കുന്നു"? ഇവിടെ പരാമർശിക്കപ്പെടുന്ന വ്യക്തി ആരാണ്?
(വെയ്റ്റർ, രാംഗോപാൽ മിശ്ര, കർത്താർ സിങ്ങ്)
5. "ശങ്കരൻകുട്ടിയുടെ മുഖത്ത് ഒരു ചെറുചിരി വിടർന്നു" എപ്പോൾ?
(വീട്ടുമുറ്റത്തെത്തിയപ്പോൾ, തൊട്ടിലിൽ കിടക്കുന്ന കുഞ്ഞിനെ കണ്ടപ്പോൾ, ശാന്തമ്മയെ കണ്ടപ്പോൾ)
6. വിറയാർന്ന കൈകളിലേന്തുന്നതെന്ത്?
(മധുപാത്രം, ഓർമ്മകളൊഴിഞ്ഞ താലം, മുഖങ്ങൾ)
7. പുഞ്ചിരിയാകുന്ന തൂന്നിലാവേറ്റ് ഉല്ലസിക്കുന്ന ആമ്പൽ ഏത്?
(കർണങ്ങൾ, ചിത്തം, കണ്ണുകൾ)
8. "പണ്ടൊരു കാട്ടിലെ കാട്ടാളൻ" എന്നതിലൂടെ കവി ആരെയാണ് അവതരിപ്പിച്ചിരിക്കുന്നത്?
(വാത്മീകി, വ്യാസൻ, കാളിദാസൻ)
9. മാധവിക്കുട്ടിയുടേതല്ലാത്ത കൃതി ഏത്?
(വണ്ടിക്കാളകൾ, രാത്രിമഴ, നഷ്ടപ്പെട്ട നീലാംബരി)
10. സന്ധ്യക്ക് വിഷക്കാവിൽ വെളിച്ചമകറ്റാൻ ദുർമന്ത്രവാദം ചെയ്യുന്നതാര്?
(തത്തകൾ, മൂങ്ങകൾ, ഓരിയിടുന്ന നായ്ക്കൾ)

## XVI. ഉത്തരമെഴുതുക. 24

1. "ആക്ഷേപിച്ചാലല്ലേ യോഗ്യരാകൂ" കുട്ടന് നേരിടേണ്ടിവന്ന ആക്ഷേപമെന്തെന്ന് വിശദീകരിക്കുക.
2. "കീറിപ്പറിഞ്ഞ ചകലാസ്" എന്ന കഥയിൽ ഓർമ്മയ്ക്കുള്ള പ്രാധാന്യം എന്താണെന്ന് വ്യക്തമാക്കുക.
3. പ്രഭാതം മുതൽ രാത്രിവരെ നീളുന്ന വണ്ടിക്കാരന്റെ അധ്വാനതീവ്രത ധ്വനിപ്പിക്കാൻ കവി സ്വീകരിച്ചിട്ടുള്ള മാർഗ്ഗമെന്താണ്?
4. "പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായിപ്പോയെന്നാണ്" ഈ തോന്നലിന് കാരണമായ സംഭവം എന്താണ്?
5. "നാമന്യോന്യമൂന്നുവടികളായ് നിൽക്കാം" ഈ വരികളിൽ തെളിയുന്ന ആശയമെന്ത്?
6. കവിതയുടെ മൃത്യുഞ്ജയം എന്ന ലേഖനം വിശകലനം ചെയ്ത് വൈലോപ്പിള്ളി കവിതയെക്കുറിച്ച് വിശദീകരിക്കുക.

## XVII. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 8

1. ധ്യാനത്തിന്റെ പരമപദമായ നിർവികല്പ സമാധി നരേന്ദ്രന് അനുഭവിക്കാൻ കഴിഞ്ഞത് എങ്ങനെയാണ്?
2. എപ്പോൾ മുതലാണ് എല്ലാവരും സ്വാമി വിവേകാനന്ദനെ തേജസ്വിയായ വാഗ്മിയായി കാണാൻ തുടങ്ങിയത്?
3. സ്വാമി വിവേകാനന്ദന് അമർനാഥക്ഷേത്രത്തിലുണ്ടായ അനന്യമായ അനുഭവം എന്താണ്?